LIBRARY ARCHIVES Kerala Legislative Assembly

**ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി**

157(171) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റാന്നിയിൽ റബ്ബർ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

റബ്ബർ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് റാന്നിയിൽ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**കുറ്റ്യാടി നിയോജകമണ്ഡലത്തിലെ നാളികേര പാർക്ക്**

158(172) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം ഇല്ലാതായിരിക്കുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) കേരളത്തിൽനിന്നും വ്യവസായങ്ങളെ പുറത്താക്കുന്നുവെന്ന രീതിയിൽ കിറ്റെക്സ് ഗാർമെന്റ്സ് മാനേജിംഗ് ഡയറക്ടർ പ്രസ്താവന നടത്തിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

വ്യവസായ സൗഹൃദാന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം തികച്ചും സംരംഭാനുകൂലമാണ്. സംരംഭകരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന ഒന്നുംതന്നെ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ആയതിനാൽ സംരംഭകർ കേരളത്തിൽനിന്നും പദ്ധതി ഉപേക്ഷിച്ചുപോകുന്ന സാഹചര്യം നിലവിലില്ല. ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഒഴികെ കേരളത്തിൽനിന്നും പദ്ധതി ഉപേക്ഷിച്ചുപോകുന്നുവെന്ന ആക്ഷേപം സംരംഭകരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഇക്കാര്യം വ്യവസായ സംരംഭക പ്രതിനിധികളും സംഘടനകളും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വസ്തുതാപരമല്ലാത്ത ചില തെറ്റായ പ്രചാരണം ബോധപൂർവ്വം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കിറ്റെക്സ് ഗ്രൂപ്പ് കേരളത്തിൽ നടപ്പാക്കാൻ തീരുമാനിച്ചിരുന്ന മൂവായിരത്തി അഞ്ഞൂറ് കോടി രൂപയുടെ നിക്ഷേപ പദ്ധതി ഏത് രീതിയിലുള്ളതായിരുന്നുവെന്നും എത്രപേർക്ക് തൊഴിൽ നൽകാൻ കഴിയുന്നതായിരുന്നുവെന്നും അറിയാമോ?

കിറ്റെക്സ് ഗ്രൂപ്പ് 3,500 കോടി രൂപയുടെ താല്പര്യപത്രം സർക്കാരുമായി ഒപ്പുവച്ചിരുന്നു. ഇതിനുശേഷം ഒരു പ്രാവശ്യം 2020 മാർച്ചിൽ മീറ്റിംഗ് നടത്തിയിരുന്നുവെങ്കിലും പിന്നീട് വ്യവസായ വകുപ്പുമായി തുടർചർച്ചയ്ക്ക് സന്നദ്ധമായിട്ടില്ല. ആയതിനാൽ പ്രസ്തുത നിക്ഷേപപദ്ധതിയുടെ വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമല്ല.

(ഡി) പ്രസ്തുത വ്യവസായ സംരംഭകൻ മേൽപ്പറഞ്ഞ പദ്ധതി ഉപേക്ഷിച്ച് സംസ്ഥാനം വിട്ടുപോകുന്ന സാഹചര്യമുണ്ടായത് സംസ്ഥാനത്തെ വ്യവസായ നിക്ഷേപ സാദ്ധ്യതകളെ ഏത് രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വ്യവസായ നിക്ഷേപത്തിന് തികച്ചും അനുകൂലമായ അന്തരീക്ഷമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ട്. 2016 മുതൽ MSME യൂണിറ്റുകളുടെ എണ്ണത്തിൽ 100% വർദ്ധന വന്നിട്ടുള്ളതും 100 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള നിരവധി സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുള്ളതും ഇതിന് തെളിവാണ്. സംസ്ഥാനത്തെ വ്യവസായികളും അവരുടെ സംഘടനകളുമായി പലവട്ടം ആശയവിനിമയം നടത്തിയിരുന്നു. നിലവിൽ കേരളത്തിലെ വ്യവസായികൾ വളരെ അനുകൂലമായ നിലപാടാണ് കേരളത്തിനായി സ്വീകരിച്ചുവരുന്നത്.

**വ്യവസായ വകുപ്പിന് കീഴിലുള്ള ഭൂമി**

159(173) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ എത്ര ഭൂമിയാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ അനന്തപുരം വ്യവസായ ഏരിയയിൽ 103 ഏക്കർ ഭൂമിയും അനന്തപുരം വ്യവസായ വികസന പ്ലോട്ടിൽ 108 ഏക്കർ ഭൂമിയും നിലവിലുണ്ട്. കൂടാതെ വ്യവസായ വകുപ്പിലെ പ്രധാന പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ ഉടമസ്ഥതയിൽ സീതാംഗോളിയിൽ 273.42 ഏക്കർ ഭൂമിയും ഉണ്ട്.

(ബി) പ്രസ്തുത ഭൂമിയിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എത്ര ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്; ഭൂമി അനുവദിച്ച സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരുവിവരങ്ങളും അനുവദിച്ച ഭൂമിയുടെ അളവും വിശദമാക്കുമോ?